അനുകൂലമായി വിധിച്ചു. ശ്രീ. ലക്ഷ്മണന്റെ ട്രെയിനിംഗ് കാലം സർവ്വീസായി പരിഗണിക്കണമെന്നും അതനുസരിച്ച് അദ്ദേഹത്തിന് ശമ്പളം സ്കെയിലും, ഇൻക്രിമെന്റും തുടർന്നുള്ള മറ്റാനുകൂല്യങ്ങളും അനുവദിക്കണമെന്നും ബഹു:കോടതി ഉത്തരവായി. 31.3.95-ന് മുൻപ് മേല്പറഞ്ഞ ആനുകൂല്യങ്ങൾക്ക് ശ്രീ. ലക്ഷ്മണന് നൽകാതിരുന്നാൽ അദ്ദേഹത്തിന് ലഭിക്കേണ്ട ആനുകൂല്യങ്ങൾക്ക് 1.4.95 മുതൽ 18% പലിശ കണക്കാക്കി നൽകേണ്ടതാണെന്നും കോടതി വിധി ന്യായത്തിൽ വ്യക്തമാക്കിയിരുന്നു. ശ്രീ. ലക്ഷ്മണന്റെ കേസിലെ വിധിയെത്തുടർന്ന് ഏതാനും പോലീസ് കോൺസബിൾമാർ ചേർന്ന് ഫയൽ ചെയ്ത 2490/98-ാം നമ്പർ ഒ.പി.യിൽ ട്രെയിനിംഗ് കാലം സർവീസായി പരിഗണിക്കണമെന്ന് ബഹു:ഹൈക്കോടതി ഉത്തരവായിട്ടുണ്ട്.

(സി) പകർപ്പ് അനുബന്ധമായി കൊടുത്തിട്ടുണ്ട്.†

(ഡി)&(ഇ) 29-4-95-ലെ ജി.ഒ. (ആർ.റ്റി) നമ്പർ 890/95/ ആഭ്യന്തരം എന്ന് ഉത്തരവുപ്രകാരം ശ്രീ. ലക്ഷ്മണന്റെ ട്രെയിനിംഗ് കാലം സർവ്വീസായി പരിഗണിച്ച് ശമ്പള സ്കെയിലും ഇൻക്രിമെന്റും തുർന്നുള്ള എല്ലാ ആനുകൂല്യങ്ങളും നൽകുകയുണ്ടായി. പ്രസ്തുത ഉത്തരവു പ്രകാരം നൽകിയ ആനുകൂല്യങ്ങൾ തനിക്കും ലഭ്യമാക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് ഡിവൈ. എസ്.പി. ശ്രീ. എൻ.വി. ജോർജ് ബഹു.ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത 12539/96-ാം നമ്പർ ഒ.പി.യിൽ ശ്രീ. ജോർജ് സർക്കാരിന് മുൻപാകെ സമർപ്പിച്ചനിവേദനത്തിന്മേൽ 757/91-ാം നമ്പർ റിട്ട് അപ്പീലിലെ ജഡ്ജ്മെന്റിന്റെ വെളിച്ചത്തിൽ ഒരു തീരുമാനമെടുക്കാൻ സർക്കാരിന് നിർദ്ദേശം നൽകികൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതി 5.8.96-ൽ ഉത്തരവായി. അതിനെ തുടർന്ന് ശ്രീ. ജോർജ് സമർപ്പിച്ച നിവേദനം 757/91-ാംനമ്പർ റിട്ട് അപ്പീലിന്റെ വെളിച്ചത്തിൽ അവസാന ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ശ്രീ. ജോർജിന്റെ ട്രെയിനിംഗ് കാലം എല്ലാ സർവ്വീസ് ആനുകൂല്യങ്ങൾക്കും ബാധകമാക്കികൊണ്ട് പ്രസ്തുത ജഡ്ജ്മെന്റിന്റെ പകർപ്പ് കൈപ്പറ്റി രണ്ടു മാസത്തിനകം ഉത്തരവ് പുറപ്പെടുവിക്കണമെന്നും ബഹു:ഹൈക്കോടതി നിർദ്ദേശിച്ചു. പ്രസ്തുത ജഡ്ജ്മെന്റിനെതിരെ സർക്കാർ ബഹു:ഹൈക്കോടതിയിൽ 2744/98-ാം നമ്പരായി ഒരു റിട്ട് അപ്പീൽ ഫയൽ ചെയ്തെങ്കിലും പ്രസ്തുത അപ്പീൽ ഹൈക്കോടതി തള്ളികളഞ്ഞു. ഇതിനെതിരായി ബഹു. സുപ്രീം കോടതിയിൽ സർക്കാർ 14543/99-ാംനമ്പർ ആയി ഒരു എസ്.എൽ.പി. ഫയൽ ചെയ്യുകയും 24.9.99 ൽ ബഹു:ഹൈക്കോടതി വിധി സ്റ്റേ ചെയ്തു കൊണ്ട് ബഹു. സുപ്രീം കോടതി വിധിയായിട്ടുള്ളതുമാകുന്നു. മേൽപ്പറഞ്ഞ എസ്.എൽ.പി.യിൽ ബഹു. സുപ്രീം കോടതി അന്തിമ വിധി പുറപ്പെടുവിച്ചതിനുശേഷമെ ട്രെയിനിംഗ് കാലം സർവ്വീസിനായി പരിഗണിക്കണമോ എന്ന കാര്യത്തിൽ ഒരു അന്തിമ തീരുമാനം കൈക്കൊള്ളാൻ സർക്കാരിന് സാധിക്കുകയുള്ളൂ.

പോലീസുകാരുടെ എണ്ണം

79(820) ശ്രീ. എ.സി. ഷൺമുഖദാസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കേരളത്തിലെ പോലീസ് കോൺസ്റ്റബിൾ, ഹെഡ് കോൺസ്റ്റബിൾ അഡീഷണൽ എസ്.ഐ, എസ്.ഐ, സർക്കിൾ ഇൻസ്പെക്ടർ, വനിതാ പോലീസുകാർ എന്നിവരുടെ എണ്ണം എത്രയാണെന്നും 31.12.99 വരെ എല്ലാ വിഭാഗത്തിലുള്ളവരുടെ എണ്ണം എത്രയാണെന്നും വെളിപ്പെടുത്തുമോ;

(ബി) ഇവരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശം ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഉണ്ടായിരുന്ന പോലീസ് സേനാംഗങ്ങളുടെ എണ്ണം ചുവടെ കൊടുക്കുന്നു.

പോലീസ് കോൺസ്റ്റബിൾ - 29249

ഹെഡ് കോൺസ്റ്റബിൾ - 6360

അഡീഷണൽ എസ്.ഐ. 1463

എസ് ഐ. - 1447

സി ഐ. 438

വനിതാ ഡിവൈ.എസ്.പി. - 1

വനിതാ സി ഐ. - 4

വനിതാ എസ് ഐ. - 33

വനിതാ എ.എസ്.ഐ. - 4

വനിതാ എച്ച് സി. - 118

വനിതാ പി. ജി. - 560

ഈ സർക്കാർ പുതുതായി അനുവദിച്ച് തസ്തികകൾ ഉൾപ്പെടെ 31-12-99-ലെ എണ്ണം ചുവടെ കൊടുക്കുന്നു.

പോലീസ് കോൺസ്റ്റബിൾ - 30290

ഹെഡ് കോൺസ്റ്റബിൾ - 8472

അഡീഷണൽ എസ്.ഐ. - 1683

എസ് ഐ. - 1745

സി ഐ. - 482

വനിതാ ഡിവൈ.എസ്.പി. - 1

വനിതാ സി.ഐ. - 8

വനിതാ എസ് ഐ - 53

വനിതാ എ.എസ് ഐ - 4

വനിതാ എച്ച് സി. - 137

വനിതാ പി സി. - 1285

(ബി) പോലീസ് സേനാംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly